മിസ്റ്റർ സി. എ. ഔസേപ്പ്: നോട്ടീസുവേണം.

മിസ്റ്റർ ടി. കെ. കുഞ്ഞയ്യപ്പൻ: ഇവർ ട്രെയിനിംഗിനു പോകാതിരുന്നതു് അവരുടെ കുറ്റംകൊണ്ടാണെന്നു ഗവൺമെണ്ടിനു പറയാമൊ?

മിസ്റ്റർ സി. എ. ഔസേപ്പ്: ചിലപ്പോൾ അവരുടെ കുറ്റംകൊണ്ടായിരിക്കാം. ചിലപ്പോൾ അവരുടെ കുറ്റംകൊണ്ടല്ലാതെയുമാവാം.

മിസ്റ്റർ ടി. കെ. കുഞ്ഞയ്യപ്പൻ: സാധാരണ ഗവൺമെണ്ടു് സർവ്വീസ്സിലുള്ളവരെ ട്രെയിനിംഗിനു വിളിക്കുകയല്ലെ പതിവു്?

മിസ്റ്റർ സി. എ. ഔസേപ്പ്: നോട്ടീസുകൂടാതെ പറയുവാൻ സാദ്ധ്യമല്ല.

മിസ്റ്റർ സി. വി. ഇയ്യു: ഇതിൽ Graduate ടീച്ചേഴ്സ് എത്രയുണ്ടാകും?

മിസ്റ്റർ സി. എ. ഔസേപ്പ്: നോട്ടീസുകൂടാതെ പറയുവാൻ സാദ്ധ്യമല്ല.

മിസ്റ്റർ ടി. കെ. കുഞ്ഞയ്യപ്പൻ: ഇനിയെങ്കിലും നമ്മുടെ കൊല്ലം സർവ്വീസുള്ളവരെ ട്രെയിനിംഗിൽനിന്നും ഒഴിവാക്കുവാൻ ദയവുണ്ടാകുമൊ?

മിസ്റ്റർ സി. എ. ഔസേപ്പ്: അതിനെപ്പറ്റി ആലോചിക്കാം.

മിസ്റ്റർ ടി. കെ. കുഞ്ഞയ്യപ്പൻ: എൽ. ടി. ക്കാരല്ലാത്തവരെ സ്കൂൾ ഇൻസ്പെക്ടരായി നിയമിക്കാമെങ്കിൽ എന്തുകൊണ്ടു് മുപ്പത്തഞ്ചുകൊല്ലം Service ആയിട്ടുള്ളവരെ Trainingൽ നിന്നു ഒഴിവാക്കുവാൻ പാടില്ല?

മിസ്റ്റർ സി. എ. ഔസേപ്പ്: അതു വലിയൊരു അഭിപ്രായവ്യത്യാസമുള്ള ചോദ്യമാണു്.

മിസ്റ്റർ ജോസഫ് മുണ്ടശ്ശേരി: ട്രെയിനിംഗിനു വിളിക്കാത്തതു് അവരുടെ കുറ്റംകൊണ്ടല്ലെങ്കിൽ അവർക്കു് ആനുകൂല്യങ്ങളും നിഷേധിക്കുന്നതു മര്യാദകേടാണെന്നു ഗവൺമെണ്ടിനു തോന്നുന്നുണ്ടോ?.

മിസ്റ്റർ സി. എ. ഔസേപ്പ്: അതിൽ മര്യാദകേടു് എന്ന വാക്കുമാറ്റിവെച്ചിട്ടു് ട്രെയിനിങ്ങിനെപ്പറ്റി ആലോചിക്കാം. നമുക്കു് ട്രെയിനിങ്ങിനു് വളരെ പരിമിതമായ കഴിവാണുള്ളതു്. ആ പരിമിതമായ കഴിവുവെച്ചുകൊണ്ടു് ചുരുക്കംപേർക്കു ട്രെയിനിങ്ങു് കൊടുപ്പാൻ നിവൃത്തിയുള്ളു.

മിസ്റ്റർ ജോസഫ് മുണ്ടശ്ശേരി: ഗവൺമെണ്ടിന്റെ പ്രവർത്തനദോഷംകൊണ്ടു് സാധുക്കളായ അദ്ധ്യാപകന്മാർ നഷ്ടംസഹിക്കണമെന്നാണോ പറയുന്നതു്?

മിസ്റ്റർ സി. എ. ഔസേപ്പ്: ഗവൺമെണ്ടിന്റെ പ്രവർത്തിദോഷം എന്നുപറഞ്ഞതു ശരിയല്ല. ഗവൺമെണ്ടിന്റെ കഴിവു വളരെ ചുരുങ്ങിയതാണു്.

മിസ്റ്റർ സി. വി. ഇയ്യു: ഇങ്ങിനെയുള്ള പരിതഃസ്ഥിതിയിൽ ട്രെയിനിങ്ങു് കോളേജു് Abolish ചെയ്യുവാൻ പോകുന്നതു് ശരിയാണോ?

മിസ്റ്റർ സി. എ. ഔസേപ്പ്: അതു് Abolish ചെയ്യണമോ വേണ്ടയോ എന്ന കാര്യം തീർച്ചപ്പെടുത്തീട്ടില്ല.

മിസ്റ്റർ പി. കെ. ഡീവർ: നമ്മുടെ കൊല്ലം സർവീസുള്ള ആളുകളെ ട്രെയിനിങ്ങിനു വിളിക്കാമോ?

മിസ്റ്റർ സി. എ. ഔസേപ്പ്: സർവീസുള്ള ആളുകളെ ട്രെയിനിങ്ങിനു് Encourage ചെയ്യണമെന്നുള്ളതാണു് ഗവൺമെണ്ടിന്റെ നയം.

PEECHI IRRIGATION SCHEME—INFORMATION REGARDING

44. (263) മിസ്റ്റർ കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നു സദയം മറുപടി പറയുമോ.—

(എ) പീച്ചി ഇറിഗേഷൻ സ്കീം പൂർണ്ണമായി നടപ്പിൽ വരുവാൻ എത്ര കൊല്ലം വേണമെന്നാണു ഗവൺമെണ്ടു് ഉദ്ദേശിക്കുന്നതു്;

(ബി) ഈ പദ്ധതിക്കു് ആകെ എത്ര ചിലവു വേണ്ടിവരുമെന്നാണു കണക്കാക്കിയിരിക്കുന്നതു്?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ :

(എ) പീച്ചി ഇറിഗേഷൻ സ്കീം ഫൈനൽ മേയ്മാസത്തോടുകൂടി നടപ്പിൽ വരുത്തുവാൻ സാധിക്കുമെന്നാണു പ്രതീക്ഷിക്കുന്നതു്.

(ബി) ആകെ ചിലവു് ൧൫൦—൨൦൦ ലക്ഷം ഉറപ്പിക ആകുമെന്നാണു് ഉദ്ദേശിക്കുന്നതു്.

മിസ്റ്റർ കെ. കെ. കണ്ണൻ: ഈ സ്കീം എത്രത്തോളം Progress ചെയ്തിട്ടുണ്ടെന്നു് പറയാമോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ഇപ്പോൾ Dam Construction ന്റെ പണികളാണു് ചെയ്തുവരുന്നതു്. അതിന്റെ അടിഭാഗം കല്ലു് blast ചെയ്തു് അതിന്മേൽ Dam Construct ചെയ്യാൻതക്കവണ്ണം ഉള്ളപണികൾ ചെയ്തുവരികയാണു്. ഈ വർഷത്തിൽ പത്തു ചതുരശ്ര അടി Dam Construct ചെയ്യാൻ സാധിക്കുമെന്നാണു് വിചാരിക്കുന്നതു്. പിന്നെ ഇതിൽ നാലു മൈലോളം canal ഉണ്ടു്. അതിനു പലേ Sections ആയിട്ടു് Acquisition നും വേണ്ട ഏർപ്പാടുകൾ ചെയ്തിട്ടുണ്ടു്. അതിനു വേണ്ടപണികൾനടത്തുന്നതിനുള്ള Contract നും tender വെക്കുകമുതലായ എഴുപ്പാടുകളും ചെയ്തുവരുന്നുണ്ടു്. അവിടെ ഉദ്യോഗസ്ഥന്മാർക്കു താമസിക്കുവാനുള്ള സൗകര്യത്തിനുവേണ്ടി ഏതാനും കെട്ടിടങ്ങളുടെ പണികഴിച്ചിട്ടുണ്ടു്. ഈ വകകാര്യങ്ങളാണു് പ്രധാനമായി ചെയ്തിട്ടുള്ളതു്.

മിസ്റ്റർ കെ. കെ. കണ്ണൻ: ഉദ്യോഗസ്ഥന്മാർക്കു താമസിക്കുവാനുള്ള കെട്ടിടംപണിതിട്ടുള്ളതു് Sheds ആയിട്ടാണോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: Temporary Sheds -ഉം ഉണ്ടു്. Engineersനുംമറ്റും താമസിക്കുന്നതിനു് നല്ല കെട്ടിടങ്ങളും ഉണ്ടു്.

മിസ്റ്റർ സി. വി. ഐയ്യു: ഈ Scheme ന്റെ പ്രവർത്തനത്തിനു് Engineer മാരേയും Assistant Engineer മാരേയും നിയമിച്ചപ്പോൾ ഗവർമ്മെണ്ടിൽനിന്നു പരസ്യംചെയ്തിരുന്നുവോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: പരസ്യംചെയ്തിരുന്നു.

മിസ്റ്റർ സി. വി. ഐയ്യു: അപ്പോൾ Public works ൽഉള്ള Engineer മാരെ പീച്ചിയിലേക്കു് അയച്ചാൽ മതിയാകുമായിരുന്നില്ലേ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: പീച്ചിഇറിഗേഷൻ Scheme വക്കുചെയ്യുന്നതിനു് പ്രത്യേകം Engineer മാർ ആവശ്യമാണു്.

മിസ്റ്റർ കെ. ഐ. വേലായുധൻ: ഈ സ്കീംകൊണ്ടു് എത്രഏക്കർ സ്ഥലത്തു് കൃഷി ചെയ്യുവാൻ സാധിക്കും?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: പന്തീരായിരം ഏക്കർസ്ഥലത്തു് ഇരുപ്പുകൃഷിചെയ്യുവാൻ സാധിക്കും. ൫൦൦ ഏക്കർസ്ഥലത്തു് ഒരുപ്പുകൃഷി ചെയ്യുവാൻ സാധിക്കും. ഒരു പന്തീരായിരം ഏക്കർസ്ഥലത്തു് ആവശ്യംപോലെ വെള്ളംകൊടുക്കുവാൻ സാധിക്കും. തൃശ്ശിവപേരൂർടൌണിലേക്കു് ഒരുലക്ഷം ആളുകൾക്കു് വെള്ളംകൊടുക്കുവാൻ സാധിക്കും. ഇന്നലെചില ബഹുമാനപ്പെട്ട മെമ്പർമാർ ആവശ്യപ്പെട്ടമാതിരി എറണാകുളത്തുനിന്നു തൃശ്ശൂർവരെ Water communications ഉണ്ടാക്കുവാനായിട്ടും വിചാരിക്കുന്നുണ്ടു്. ഇപ്പോൾ എറണാകുളത്തുനിന്നു തൃശ്ശിവപേരൂർക്കു കനാൽവഴിയുള്ള ഗതാഗതത്തിനു വളരെ ബുദ്ധിമുട്ടുണ്ടു്, വേനൽക്കാലത്തു ചിലസ്ഥലങ്ങളിൽ വെള്ളം ശരിക്കുകിട്ടുകയില്ല. അതുകൊണ്ടു് ഗതാഗതത്തിനു സൌകര്യമായവിധത്തിൽ വെള്ളം എപ്പോഴും കിട്ടത്തക്കവിധത്തിലുള്ള പണികൾ ചെയ്യുവാനാണു് വിചാരിക്കുന്നതു്. ഇതൊക്കെയാണു് ഈ സ്കീം കൊണ്ടുണ്ടാകുന്നഗുണങ്ങൾ.

മിസ്റ്റർ കോടനാടു് നാരായണൻ നമ്പൂതിരിപ്പാടു്: ഈ വിവരങ്ങളൊക്കെ ഒന്നു പ്രസിദ്ധീകരിക്കാമൊ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: വേണമെന്നുണ്ടെങ്കിൽ പ്രസിദ്ധംചെയ്യാം.

മിസ്റ്റർ കോടനാടു് നാരായണൻ നമ്പൂതിരിപ്പാടു്: ഇതു് എല്ലാവക്കും ഔത്സുക്യമുള്ള ഒരു വിഷയമായതുകൊണ്ടു് പ്രസിദ്ധീകരിച്ചാൽ നന്നായിരിക്കും.

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: വേണമെന്നുണ്ടെങ്കിൽ അങ്ങിനെ ചെയ്യാം.

മിസ്റ്റർ എം. കെ. മേനോൻ: തിരുവിതാംകൂറിൽ ചില ഇറിഗേഷൻ പദ്ധതികളുടെ പണി ആരംഭിച്ചിട്ടുണ്ടു്. ആ പദ്ധതികൾ ഒന്നു വികസിപ്പിച്ചാൽ പീച്ചി ഇറിഗേ

LIBRARY ARCHIVES Kerala Legislative Assembly

[Mr. M, K. Menon]

ഷൻ പദ്ധതികൊണ്ടു കിട്ടാവുന്ന ഉണം നമുക്കു കിട്ടുമോ എന്നു അന്വേഷിച്ചാൽ കൊള്ളാമെന്നു എനിക്കൊരുപേക്ഷയുണ്ടു്.

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: അതു സാദ്ധ്യമല്ല. പീച്ചി സ്കീം കൊണ്ടു് തൃശ്ശൂർ താലൂക്കു മുഴുവനും മുകുന്ദപുരം താലൂക്കു മുഴുവനും കരുവന്നൂർ പുഴയുടെ വടക്കുഭാഗമുള്ള പ്രദേശങ്ങളും മുഴുവനുമാണു് സപ്ലൈ ചെയ്യുവാൻ സാധിക്കുന്നതു്. തിരുവിതാംകൂറിലുള്ള പുതിയ പദ്ധതികൊണ്ടു് ചാലക്കുടിപുഴയുടെ അടുത്തുള്ള ചിലപ്രദേശങ്ങളിൽ വെള്ളം കൊടുക്കുവാൻ സാധിക്കുമെന്നു് അവർ പറയുന്നുണ്ടു്. പീച്ചി സ്കീമും തിരുവിതാംകൂർ സ്കീമുമായിട്ടു യാതൊരു ബന്ധവുമില്ല.

Mr. President: Questions 45 & 46 can be put and answered together.

DISPARITY IN THE PRICE OF SALT

45. (97) മിസ്റ്റർ എ. ഈച്ചരമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെന്റു ദയവു മറുപടി പറയുമോ.—

(എ) ചിറ്റൂരു് ഉപ്പു് എങ്ങിനെയാണു വില്ക്കുന്നതു്;

(ബി) അടുത്ത യൂണിയൻ പ്രദേശങ്ങളിൽ ഉല്പാദിക്കുന്ന (പതിനാറു്) ഇടങ്ങഴിയാണെന്നു ഗവൺമെന്റിനറിയാമോ;

(സി) ചിറ്റൂരിലും യൂണിയനിലും ഇത്ര വ്യത്യാസമായി വില്ക്കുവാൻ കാരണമെന്താണു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ഇടങ്ങഴിക്കു് ഏകദേശം ഒണ. ന്യൂപൈ.ക്കാണു് വില്ക്കുന്നതു്.

(ബി) ചിറ്റൂർ താലൂക്കിലേക്കാൾ വില കുറവാണെന്നു് അറിയാം. പക്ഷെ ഈ ചോദ്യത്തിൽ സൂചിപ്പിക്കുന്നതുപോലെതന്നെ കുറഞ്ഞ നിരക്കിനാണു് വില്ക്കുന്നതെന്നു തോന്നുന്നില്ല.

(സി) സ്റ്റോറിലെ ആവശ്യത്തിനുള്ള ഉപ്പു മുഴുവൻ ഗവൺമെന്റു കൺട്രാക്ടു് പ്രകാരം മേടിച്ചു മാലിപ്പുറം ഡപ്പോവിൽ ശേഖരിച്ചിട്ടുള്ളതിൽനിന്നാണു് ചിറ്റൂർ ഉൾപ്പെടെയുള്ള എല്ലാ കച്ചവടക്കാരും വാങ്ങി വില്ക്കുന്നതു്. ചിറ്റൂർ താലൂക്കിലേക്കാകുമ്പോൾ വഴിച്ചിലവു കൂടും. എന്നാൽ യൂണിയൻ പ്രദേശങ്ങളിൽ ഗവൺമെന്റു കുത്തകയില്ലാത്തതുകൊണ്ടു കച്ചവടക്കാർ വില കുറഞ്ഞ സ്ഥലങ്ങളിൽനിന്നു് അപ്പോഴപ്പോൾ വാങ്ങി നേരിട്ടു കൊണ്ടുവന്നു വില്ക്കുകയാണു്.

46. (174) **Mr. P. K. Krishnankutty Menon** *(Vellarappilli):* Will Government be pleased to state.—

(*a*) whether the price of salt per maund in this State is more than that in Malabar, and if so, what is the difference in price per maund;

(*b*) what is the reason for the increase in price in this State;

(*c*) what steps, if any, has the Government taken to avoid this difference?

Mr. P. Govinda Menon *(Minister for Finance and Law):*

(*a*) In some parts of Malabar, the price of salt is reported to be lower than in the State, but the difference varies.

(*b*) In the State the Government monopoly on salt is not relaxed and the requirement of salt is met from the Government Depot, Malippuram selected on account of its accessibility by water. Also, as Government purchase requirements for a year by contract price remaining steady here while it is likely that prices vary outside in the course of the year. Transport, market fluctuations, and Government establishment charges, etc., are the main causes for prices being often higher here.

(*c*) The scheme to manufacture salt at Malippuram is well on the way. Government are also exploring the possibilities of reducing the issue price of salt. Further the question of giving up the present policy of State monopoly, is also engaging the serious attention of the Government.

മിസ്റ്റർ എ. ഈച്ചരമേനോൻ: കുറഞ്ഞ നിരക്കിനാണു് വില്ക്കുന്നതെന്നു പറഞ്ഞതു് അന്വേഷിച്ചിട്ടാണോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ചിറ്റൂർ താലൂക്കിലേക്കാൾ കുറഞ്ഞ വിലക്കാണു് വില്ക്കുന്നതു്.

മിസ്റ്റർ എ. പി. ശിവരാമകൃഷ്ണൻ: മലബാറിൽ എന്താണു് വില?

LIBRARY ARCHIVES Kerala Legislative Assembly